**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 34** **13-10-2026-ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.-യുടെ സമഗ്ര വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച പരിഷ്കരണ നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

**മറുപടി:** കേന്ദ്ര സർക്കാരിന്റെ അധിക വായ്പ പദ്ധതിയുടെ ഭാഗമായി 2022-2023 സാമ്പത്തിക വർഷത്തിൽ ,കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടമായ 1023.61 കോടി രൂപയുടെ 75 ശതമാനമായ 767.71 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിലെ നഷ്ടമായ 549.21 കോടി രൂപയുടെ 90 ശതമാനമായ 494.289 കോടി രൂപയും കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക നിവാരണം ചെയ്യേണ്ടതുള്ളതിനാൽ 28.02.2026 വരെയുള്ള കുടിശ്ശിക സർക്കാർ ഏറ്റെടുക്കുകയും ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 01.03.2026 മുതൽ ഗവൺമെന്റ് കൺസ്യൂമേഴ്സിന് സ്മാർട്ട് മീറ്റർ സ്ഥാപിക്കുവാനും വൈദ്യുതി ഉപയോഗിച്ചതിന്റെ തുക ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുവാനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് സർക്കാർ നൽകാനുള്ള സബ്സിഡി തുകയും അതാത് വർഷങ്ങളിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് സർക്കാരിന് നൽകാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശികയായ 2068 കോടി രൂപ സർക്കാർ ഏറ്റെടുക്കുകയും, പത്ത് തുല്യ ഗഡുക്കളായി അനുവദിക്കുമെന്ന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ഇതിൽ ആദ്യ രണ്ട് ഗഡുക്കൾ (206.8 കോടി രൂപ വീതം) 2024-25, 2025-26 വർഷത്തിൽ അനുവദിക്കുകയും, കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിലേക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക നല്ല രീതിയിൽ കുറയുന്നതിനും തൽഫലമായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ സാമ്പത്തിക സൂചികകൾ മെച്ചപ്പെടുന്നതിനും ഇത് സഹായിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.യുടെ മൊത്തം ചെലവിന്റെ 60 ശതമാനത്തോളം വൈദ്യുതി വാങ്ങലുമായി ബന്ധപെട്ടതാണ്. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും വിപണിയിലെ വൈദ്യുതി ലഭ്യതയും മുൻകൂട്ടി വിലയിരുത്തി, വൈദ്യുതി വാങ്ങൽ ചെലവ് പരമാവധി കുറയ്ക്കുന്നതിനുള്ള

നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. വൈദ്യുതി ബോർഡിന് ലഭിക്കേണ്ടതായുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികളും ,ഭരണച്ചിലവ് പരമാവധി കണ്ട് കുറയ്ക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

**(ബി)** അടുത്ത പത്തു വർഷത്തെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുൻകൂട്ടിക്കണ്ട് സമഗ്രമായ വികസന പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ **KSERC (Terms and Conditions for Determination of Tariff) Regulations, 2021** പ്രകാരം ഓരോ അഞ്ച് വർഷത്തെയും **Multi Year Tariff Control Period**-നും **Capital Investment Plan (CIP)** തയ്യാറാക്കി കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കേണ്ടതാണ്. ഇതനുസരിച്ച് വിതരണമേഖലയിൽ അഞ്ചു വർഷത്തെയ്ക്കുള്ള പദ്ധതികളാണ് തയ്യാറാക്കി വരുന്നത്. നിലവിലെ ദ്യുതി 2 പദ്ധതിയുടെ **Control Period 2022-23** മുതൽ **2026-27** വരെയുള്ളതായതിനാൽ, അടുത്ത **Control Period** ആയ **2027-28** മുതൽ **2031-32** വരെയുള്ള കാലയളവിലേക്കുള്ള **Distribution Capital Investment Plan - Dyuthi 3.0** തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനം നാമമാത്രമായ തോതിൽ മാത്രമാണ് വർദ്ധിച്ചിട്ടുള്ളത് . ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ട് വിവിധ വൻകിട ,ചെറുകിട ജല വൈദ്യുത പദ്ധതികളും, കേരളത്തിന്റെ സാഹചര്യത്തിന് അനുകൂലമായ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ, കാറ്റോർജ്ജ പദ്ധതികൾ എന്നിവയും ആവിഷ്കരിക്കുന്നുണ്ട്. കേരളത്തിലെ പീക്ക് സമയങ്ങളിലെ ഉയർന്ന ഉപഭോഗം ക്രമീകരിക്കുന്നതിനായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതികളും നടപ്പിലാക്കി വരുന്നു.

**(സി)** വൈദ്യുതി വിതരണ ശൃംഖലയിലെ പഴക്കമേറിയ ട്രാൻസ്ഫോർമറുകളും ലൈനുകളും നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** ലൈനുകളുടെയും ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള മറ്റു പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ (Under Ground Cable) തുടങ്ങിയ കവചിത ചാലകങ്ങൾ എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നു പോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, തുടങ്ങിയ പ്രവൃത്തികൾ ദ്യുതി പദ്ധതികളുടെ ഭാഗമാക്കിയിരുന്നു.

ദ്യുതി 1.0 ന് ശേഷം നിലവിൽ നടപ്പിലാക്കി വരുന്ന ദ്യുതി 2 പദ്ധതിയുടെ ഭാഗമായി 1943 conductor.കി.മീ HT ലൈനുകളും 20118 conductor.കി.മീ LT ലൈനുകളും റീ-കണ്ടക്ടറിംഗ് നടത്തുകയും 3630 പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

അതുപോലെ RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 14288 കി.മി ലൈനുകൾ റീ-കണ്ടക്ടറിംഗ് നടത്താൻ ലക്ഷ്യമിടുകയും 3792 കി മി ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതി 2 / RDSS പദ്ധതിയിൽ ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**